കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് - അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - 2008-09, 2009-10 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ - ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സമുണ്ടായത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)1859/16/തസ്വഭവ — തിരുവനന്തപുരം, തീയതി, 07. 06.2016

=====================================================================

പരാമർശം: 1) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.09.2014 തീയതിയിലെ ഡി-543/2014 നമ്പർ കത്ത്.

2) ഗ്രാമവികസന കമ്മീഷണറുടെ 28.05.15 തീയതിയിലെ 21411/ഡിപി4/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് 2008-09, 2009-10 എന്നീ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കിയതും, ചുമതലയിൽപ്പെടാത്ത പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയതും മൂലം ഓഡിറ്റ് തടസ്സമുണ്ടായത് സാധൂകരണത്തിനായി പരാമർശം ഒന്ന് കത്ത് മുഖേന അപേക്ഷിക്കുകയുണ്ടായി. മേൽ പ്രവർത്തികൾക്ക് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം സ്വീകരിക്കാത്തതിനാലും മേലിൽ ഇത്തരം പ്രവർത്തികൾ നടപ്പിലാക്കാൻ പാടില്ലായെന്ന കർശന നിർദ്ദേശത്തോടെ സാധൂകരണം നൽകാമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം രണ്ട് കത്ത് മുഖേന ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേലിൽ ഇത്തരം പ്രവർത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ലായെന്ന നിബന്ധനയിൻമേൽ താഴെപ്പറയുന്ന പ്രവർത്തികൾക്ക് (സ്കൂളുകൾക്കും മറ്റു സാംസ്കാരിക സ്ഥാപനങ്ങൾക്കും മൈക്ക് സെറ്റ് വാങ്ങിയതൊഴികെ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം . | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (2009-10) | 75,000/- | 75,000/- |
| 2 | വിവിധ വായനശാലകൾക്ക് പുസ്തകങ്ങൾ (2008-09) | 45,234/- | 45,234/- |

| | | | |
|---|---|---|---|
| 3 | വിവിധ ക്ലബ്ബുകൾക്ക് സ്പോർട് കിറ്റ് (2008-09) | 1,00,000/- | 85,920/- |
| 4 | വിവിധ ക്ലബ്ബുകൾക്ക് സ്പോർട് കിറ്റ് (2008-09) | 56,000/-, | 55,987/- |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.ജെ. ഉണ്ണിക്കൃഷ്ണൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ